# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2937 — 18.06.2018 -ൽ മറുപടിക്ക്

## സ്മാർട്ട് വില്ലേജ് ഓഫീസുകളിലെ നൂതന സംവിധാനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ബി.ഗണേഷ് കുമാർ : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സ്മാർട്ട് വില്ലേജ് ഓഫീസുകളിലെ നൂതന സംവിധാനങ്ങളിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന മെച്ചപ്പെട്ട സേവനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) സ്മാർട്ട് റവന്യൂ ആഫീസുകളിൽ ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു. |

**1. ഇ-ഡിസ്ട്രിക്ട്**

വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്കാവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. സംസ്ഥാനത്തെ വില്ലേജ്/താലൂക്ക് ഓഫീസുകളിൽനിന്നും നൽകിവരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന ഓൺലൈനായി നൽകി വരുന്നു.

**2. ആർ.ആർ ഓൺലൈൻ**

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ് ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന ഓൺലൈൻ സംവിധാനംവഴി അർത്ഥനാധികാരികൾക്ക് റവന്യൂ റിക്കവറി സംബന്ധിച്ച വിവരങ്ങൾ നേരിട്ട് രേഖപ്പെടുത്തുവാനും ജില്ല, താലൂക്ക് അധികാരികൾക്ക് ഓൺലൈനായി റവന്യൂ റിക്കവറി സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാനും കഴിയും.

**3. ഇ-പേയ്മെന്റ്**

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ നികുതിദായകർക്ക് വില്ലേജ് ഓഫീസിൽ പോകാതെ നികുതികൾ അടയ്ക്കുവാൻ കഴിയുന്ന സംവിധാനമാണിത്. ആകെയുള്ള 1664 വില്ലേജുകളിൽ 1586 വില്ലേജുകളിൽ ഓൺലൈൻ ഭൂനികുതി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**4.സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation)**

ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വെ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

| | | |
|---|---|---|
| (ബി) | വിവര സാങ്കേതിക വിനിമയ വിദ്യയുടെ സൗകര്യങ്ങൾ കേരളത്തിലെ എല്ലാ വില്ലേജ് ഓഫീസുകളെയും ആധുനികവത്കരിക്കാൻ ഉപയുക്തമാക്കിയിട്ടുണ്ടോ; ഇത്തരം സേവനങ്ങൾ ഏർപ്പെടുത്തപ്പെട്ടിട്ടില്ലാത്ത വില്ലേജ് ഓഫീസുകൾ ഏതൊക്കെയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ? | (ബി) റവന്യൂ വകുപ്പിന്റെ ആധുനികവൽക്കരണത്തിനും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ വേഗത്തിലും എളുപ്പത്തിലുമാക്കുന്നതിനായി വിവര സാങ്കേതിക വിനിമയ വിദ്യയുടെ സഹായത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ആയതിൽ സർട്ടിഫിക്കറ്റ് സേവനങ്ങൾ സംബന്ധിച്ചുള്ള ഇ-ഡിസ്ട്രിക്ട് പദ്ധതിയും റവന്യൂ റിക്കവറി സംബന്ധമായ ആർ.ആർ ഓൺലൈനും സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലും നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി സംവിധാനങ്ങൾ സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1586 എണ്ണത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന വില്ലേജുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിച്ചുവരുന്നു. ഇത്തരം സേവനങ്ങൾ ഏർപ്പെടുത്തിയിട്ടില്ലാത്ത വില്ലേജ് ഓഫീസുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| ക്രമ. നം. . | ജില്ല | ഓൺലൈൻപോക്കുവരവ്/ ഇപേയ്മെന്റ് നടപ്പിലാക്കിയിട്ടില്ലാത്തവില്ലേജുകൾ |
|---|---|---|
| 1. | തിരുവനന്തപുരം | മണക്കാട് |
| 2. | കൊല്ലം | തലവൂർ,വിളക്കുടി,പിറവന്തൂർ,പുന്നല,പത്തനാപുരം, അലയമൺ,ആര്യങ്കാവ് ,ഇടമൺ,ഏരൂർ,കരവാളൂർ, പുനലൂർ ,തെൻമല,തിങ്കൾക്കരിക്കം,വാളക്കോട്. |
| 3. | പത്തനംതിട്ട | കോഴഞ്ചേരി,പത്തനംതിട്ട,അത്തിക്കയം,ചെത്തക്കൽ, കൊല്ലമുള,പെരിനാട് ,റാന്നി,സീതത്തോട് ,തണ്ണിത്തോട്,ചിറ്റാർ,മൈലപ്ര, കോന്നിത്താഴം, അരുവാപ്പുലം, ഐരവൺ |
| 4. | ആലപ്പുഴ | കൊക്കോതമംഗലം,തൈക്കാട്ടുശ്ശേരി |
| 5. | കോട്ടയം | --- |
| 6. | ഇടുക്കി | കൊട്ടാക്കമ്പൂർ,വട്ടവട,കെ.ഡി.എച്.,മൂന്നാർ, ചിന്നക്കനാൽ,വാഗമൺ,ചതുരംഗപ്പാറ, ഇടമലക്കുടി |
| 7. | എറണാകുളം | --- |
| 8. | തൃശ്ശൂർ | നടത്തറ ,പെരിങ്ങാവ് ,പൂങ്കുന്നം |
| 9. | പാലക്കാട് | പാലക്കാട് 2,പാലക്കാട് 3,തത്തമംഗലം |
| 10. | മലപ്പുറം | --- |
| 11. | കോഴിക്കോട് | കസബ ,നഗരം, പന്നിയങ്കര ,കച്ചേരി |
| 12. | വയനാട് | --- |
| 13. | കണ്ണൂർ | കണ്ണൂർ1,കണ്ണൂർ2,തലശ്ശേരി,തിരുവങ്ങാട് ,ന്യൂമാഹി,പെരിങ്ങളം,ആറളം,അയ്യൻകുന്ന് ,വിളമന,കേളകം, കണിച്ചാർ,കൊട്ടിയൂർ,പടിയൂർ,ഉദയഗിരി,കതിരൂർ, തൃപ്പങ്ങോട്ടൂർ,മാണിയൂർ. |
| 14. | കാസറഗോഡ് | ചീമേനി,ഉപ്പള,പിലിക്കോട് ,ഉദുമ,ചിത്താരി,കീക്കാൻ, പള്ളിക്കര1,പള്ളിക്കര2,അജാനൂർ,ഹോസ് ദുർഗ് ,ചെറുവത്തൂർ |